പുതിയ മെഷീനറികൾ സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ പൊതുമേഖലാ പുനരുദ്ധാരണം സംബന്ധിച്ച കൃാബിനറ്റ് സബ് കമ്മിറ്റിയുടെ മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. സ്കൂട്ടേഴ്സ് കേരളയുടെ പ്രവർത്തനം നിർത്തലാക്കിയെങ്കിലും കിർഫ് ബോർഡിൽനിന്നും വായ്പയെടുത്ത് ചെയ്യുന്ന ഓർഡറുകൾ പൂർത്തിയാക്കുന്നതിനുള്ള അനുവാദം നൽകിയിട്ടുണ്ട്. സ്കൂട്ടേഴ്സ് കേരളയ്ക്ക് നിലവിലുള്ള വർക്ക് ഓർഡർ പൂർത്തിയാക്കുന്നതിനും വിരമിച്ച ജീവനക്കാർക്കുള്ള കുടിശ്ശിക യിനത്തിൽ 40.16 ലക്ഷം രൂപ നൽകുന്നതിന് തീരുമാനമായിട്ടുണ്ട്. കെ.എസ്.ഐ.ഡി.സി.-യുടെ സാമ്പത്തിക സഹായം നിലവിലുള്ള 68 സ്ഥാപനങ്ങളുടെ പേരും അവയിൽ ഓരോന്നിലും എടുത്തിട്ടുള്ള നടപടികളും അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) 2001-ൽ സർക്കാർ പ്രഖ്യാപിച്ച വ്യവസായ നയത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനായി പൊതുമേഖലാ പുനരുദ്ധാരണം സംബന്ധിച്ച സമീപനരേഖ അനുസരിച്ച് അതുവരെ ലാഭകരമായി പ്രവർത്തിച്ചിട്ടില്ലാത്തതും വൻതുക മുടക്കിയാൽ മാത്രം ലാഭകരമാക്കാൻ സാദ്ധ്യതയുള്ള സ്ഥാപനങ്ങളെ സ്വകാര്യ പങ്കാളിത്തത്തോടെ പുനരുദ്ധരിക്കാൻ തീരുമാനിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ കെൽട്രോൺ കൗണ്ടേഴ്സ് ലിമിറ്റഡ്, കേരള സ്റ്റേറ്റ് സാലിസിലേറ്റ്സ് ആന്റ് കെമിക്കൽസ് ലിമിറ്റഡ്, ട്രാവൻകൂർ പ്ലൈവുഡ് ഇൻഡസ്ട്രീസ്, കേരള സ്റ്റേറ്റ് ഡിറ്റർജന്റ്സ് ആന്റ് കെമിക്കൽസ്, ആസ്ട്രാൾ വാച്ചസ് എന്നിവയുടെ 100% ഓഹരികളും, ട്രാൻസ്ഫോർമേഴ്സ് ആന്റ് ഇലക്ട്രിക്കൽസ് ലിമിറ്റഡിന്റെ 46% ഓഹരികളും (ആദ്യ വർഷം), സ്വകാര്യ മേഖലയ്ക്ക് കൈമാറുന്നത് സംബന്ധിച്ച് പരസ്യം നൽകിയിരുന്നു. ഇതിൻമേൽ അപേക്ഷകൾ കിട്ടിയിട്ടുണ്ടെങ്കിലും തീരുമാനമെടുത്തിട്ടില്ല. ജീവനക്കാരുടെ കോ-ഓപ്പറേറ്റീവ് സൊസൈറ്റി രൂപീകരിച്ച് കമ്പനികൾ നടത്തിക്കൊണ്ടു പോകുന്നതിനുള്ള സാദ്ധ്യത സർക്കാർ പരിശോധിച്ചിരുന്നെങ്കിലും ജീവനക്കാർ മുന്നോട്ടു വന്നിട്ടില്ല. ഒറ്റത്തവണ സാമ്പത്തിക സഹായം കൊണ്ടു നടത്തിക്കൊണ്ടുപോകുവാൻ കഴിയുന്ന പൊതുമേഖലാ സ്ഥാപനങ്ങൾക്ക് അത്തരം സഹായം നൽകി പ്രവർത്തിപ്പിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

ജിമ്മിൽ ഒപ്പിട്ട ധാരണാപത്രമനുസരിച്ചുള്ള നിക്ഷേപത്തുക

12 [3525] *ശ്രീ. എ. സി. മൊയ്തീൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എ) ജിമ്മിൽ ഒപ്പിട്ട ധാരണാപത്രമനുസരിച്ച് എത്ര പദ്ധതികളാണ് കേരളത്തിൽ നടപ്പിലാകുമെന്ന് കരുതിയിരുന്നത്; ഇവയുടെ മൊത്തം നിക്ഷേപ തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) ധാരണാപത്രം ഒപ്പിട്ട സ്ഥാപനങ്ങളുടെ ലിസ്റ്റ് ലഭ്യമാക്കാമോ?

ഉത്തരം

(എ) 96 ധാരണാപത്രങ്ങളാണ് ഒപ്പിട്ടിരുന്നത്. അവയിലൂടെ പ്രതീക്ഷിച്ചിരുന്ന നിക്ഷേപം 11,159.45 കോടി രൂപയായിരുന്നു.

(ബി) ഒപ്പിട്ട ധാരണാപത്രങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.†

ക്ലിപ്പു പദ്ധതിയിൽപ്പെടുത്തി വ്യവസായം തുടങ്ങാൻ നടപടി

13 [3526] *ശ്രീ. കളത്തിൽ അബ്ദുള്ള:*
,, *പി. കെ. കെ. ബാവ:*
,, *പി. കെ. അബ്ദുറബ്ബ്:*
,, *ടി. പി. എം. സാഹീർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ലിപ്പ് പദ്ധതിയിൽപ്പെടുത്തി സംസ്ഥാനത്ത് എത്ര വ്യവസായ സംരംഭകർ വ്യവസായം തുടങ്ങാൻ തയ്യാറായിട്ടുണ്ട്;

(ബി) ദുർബല വിഭാഗങ്ങളായ എസ്. സി./എസ്. ടി./മറ്റ് പിന്നോക്ക വിഭാഗങ്ങൾ എന്നിവർക്ക് പി.എം.ആർ.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി ക്ലിപ്പുമായി ബന്ധപ്പെടുത്തി ഏതെങ്കിലും പ്രോജക്ട് ആവിഷ്കരിക്കാൻ സർക്കാരിന് ആലോചനയുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) ഇല്ലെങ്കിൽ ഇതേക്കുറിച്ച് ആലോചിക്കുമോ?

ഉത്തരം

(എ) കേരളാ ലോക്കൽ ഇൻഡസ്ട്രീ പ്രൊമോഷൻ പ്രോഗ്രാം (ക്ലിപ്പ്) പദ്ധതിയിൽ ഉൾപ്പെടുത്തി സംരംഭങ്ങൾ തുടങ്ങുവാനായി 43070 സംരംഭകർ സംസ്ഥാനത്തിന്റെ വിവിധ ജില്ലകളിൽനിന്ന് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ക്ലിപ്പുമായി ബന്ധപ്പെട്ട് എസ്. സി./എസ്. ടി./മറ്റു പിന്നോക്ക വിഭാഗങ്ങൾക്കു മാത്രമായി പ്രത്യേക പാക്കേജ് ആവിഷ്ക്കരിക്കുന്നകാര്യം ആലോചിച്ചിട്ടില്ല.

(സി) & (ഡി) ദുർബല വിഭാഗങ്ങൾക്കു മാത്രമായി ക്ലിപ്പു പദ്ധതിയിൽ പ്രത്യേക പാക്കേജ് ആവിഷ്ക്കരിച്ചിട്ടില്ല.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly